പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4163 24/6/2019 ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ കോഴിവളർത്തൽ കേന്ദ്രങ്ങൾ

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ് പി:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ എത്ര പ്രാദേശിക കോഴിവളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | മലപ്പുറം ജില്ലയിൽ ഒരു പ്രാദേശിക കോഴിവളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ( ജില്ലാ കോഴിവളർത്തൽ കേന്ദ്രം,ആതവനാട്) |
| ബി) | ജില്ലയിൽ കൂടുതൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച കർഷകർക്ക് വിതരണം ചെയ്യുവാൻ സാധിക്കും. |
| സി) | സങ്കരയിനം കോഴികളെ വളർത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | ആതവനാട് ഫാമിൽ നിന്നും വിരിയിക്കുന്ന മുട്ട, വകുപ്പിലെയും ജില്ലാ പഞ്ചായത്തിലെയും ഹാച്ചറികൾക്ക വിതരണം ചെയ്തു വരുന്നു.<br><br>2018-19 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ 94 തെരെഞ്ഞെടുത്ത സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ് വരെയുള്ള 50 വിദ്യാർത്ഥികൾക്ക് 2 മാസം പ്രായമുള്ള 5 കോഴികളെ വീതം സൗജന്യമായി വിതരണം ചെയ്തു. നടപ്പ് സാമ്പത്തിക വർഷവും ഇതേ പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>വകുപ്പിന്റെ മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി മുട്ടക്കോഴി വളർത്തലിനും , വ്യാവസായിക അടിസ്ഥാനത്തിലുള്ള കോഴിവളർത്തലിനും പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ